## പതിനഞ്ചാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *18 05.12.2022 ൽ മറുപടിയ്ക്ക്

## മയക്കുമരുന്നുകളുടെ വ്യാപനം തടയാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ<br>ഡോ.എം.കെ.മുനീർ<br>ശ്രീ.കുറുക്കോളി മൊയ്തീൻ | | ശ്രീ.എം.ബി.രാജേഷ്<br>(തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മയക്കുമരുന്നുകളുടെ തീവ്ര വ്യാപനം നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് മയക്കുമരുന്നുകളുടെ ഉപയോഗം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ തീവ്ര വ്യാപനമുള്ളതായി കണ്ടെത്തിയിട്ടില്ല. |
| (ബി) | 2011-2016 ഭരണകാലത്ത് മദ്യലഭ്യത കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ മയക്കുമരുന്നുകളുടെ ഉപയോഗം വർദ്ധിപ്പിക്കാൻ ഇടയാക്കിയതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | മദ്യത്തിന്റെ ലഭ്യത കുറവ് മറ്റ് ലഹരി വസ്തുക്കളുടെ വ്യാപനത്തിന് ഒരു കാരണമാണെന്ന് വിവിധ പഠനങ്ങളിൽ വ്യക്തമായിട്ടുണ്ട്. ലഹരിയ്ക്ക് അടിമപ്പെട്ടവർ മദ്യം കിട്ടാത്ത സാഹചര്യത്തിൽ മറ്റ് ലഹരി വസ്തുക്കൾ തേടിപ്പോകുന്ന സാഹചര്യം ഉടലെടുക്കുന്നതായാണ് പഠനങ്ങൾ കാണിക്കുന്നത്. |
| (സി) | മദ്യവില്പനയിൽ നിലവിലെ സർക്കാർ നയം തുടരുമ്പോഴും ലഹരി വ്യാപാരം വർദ്ധിച്ച് വരുന്നതിന്റെ കാരണം | (സി) | മദ്യത്തെ അപേക്ഷിച്ച് മറ്റ് ലഹരി വസ്തുക്കൾ കൈവശം വയ്ക്കുന്നതും, ഉപയോഗിക്കുന്നതും, കടത്തുന്നതും പിടിക്കപ്പെടാതെ ചെയ്യുവാൻ സാധ്യത കൂടുതലായതിനാലും, മറ്റ് |

| | | | |
|---|---|---|---|
| | പരിശോധിച്ചിട്ടുണ്ടോ; | | സംസ്ഥാനങ്ങളിൽ ഇത്തരം ലഹരി വസ്തുക്കൾ സുലഭമായി ലഭിക്കുന്നതും, ലഹരി വ്യാപാരം വർദ്ധിച്ച് വരുന്നതിന്റെ പ്രധാനകാരണങ്ങളാണ്. ചെറിയ അളവിൽ മയക്കുമരുന്ന് കൈവശം വയ്ക്കുന്നതിന് താരതമ്യേന ചെറിയ ശിക്ഷയാണ് നിയമത്തിൽ പരാമർശിച്ചിട്ടുള്ളത് എന്നതും, മയക്കുമരുന്ന് ഉപയോഗം വർദ്ധിക്കുന്നതിന് ഒരു കാരണമാണ്.<br><br>മയക്കുമരുന്ന് ഉപയോഗത്തിന്റെ കാരണങ്ങളും, മയക്കുമരുന്ന് കുറ്റകൃത്യങ്ങളും, അവ സൃഷ്ടിക്കുന്ന സാമൂഹിക ആഘാതവും സംബന്ധിച്ച് കൂടുതൽ ആഴത്തിലുള്ള പഠനം എക്സൈസ് വകുപ്പും വിമുക്തി മിഷനും ചേർന്ന് നടത്തി വരുന്നുണ്ട് . |
| (ഡി) | ലഹരി വ്യാപനം തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളെത്തുടർന്ന് എത്രമാത്രം ലഹരി ഉപയോഗം കുറയ്ക്കാനായിട്ടുണ്ട്; വിശദമാക്കുമോ; | (ഡി) | സംസ്ഥാനത്ത് മയക്കുമരുന്നുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യമാണെങ്കിലും മയക്കുമരുന്നുകൾ യഥേഷ്ടം ലഭ്യമാകുന്ന അവസ്ഥ ഉണ്ടാകാതിരിക്കുവാൻ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെയും ഫലപ്രദമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെയും സാധിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ കേസുകൾ കണ്ടെടുക്കുന്നതു വഴി മയക്കുമരുന്ന് വ്യാപനം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ലഹരിക്കെതിരെ വിവിധ തലങ്ങളിൽ നടത്തുന്ന ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും, ലഹരിക്കടിമപ്പെട്ടവർക്ക് നൽകുന്ന ലഹരി മോചന ചികിത്സ, കൗൺസിലിംഗ് എന്നിവയിലൂടെയും ലഹരി ഉപയോഗം കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ഒക്ടോബർ മാസം 2 മുതൽ നവംബർ 1 വരെ സമൂഹത്തിലെ വിവിധ തലങ്ങളിലുള്ള എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ച്കൊണ്ട് നടത്തിയ ലഹരി വിരുദ്ധ പ്രചാരണ പ്രവർത്തനങ്ങളിലൂടെ, ലഹരിയ്ക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ വൻപൊതുജനപങ്കാളിത്തം ലഭിയ്ക്കുകയുണ്ടായി. ഇതിലൂടെ പൊതുജനങ്ങളിൽ ലഹരിയ്ക്കെതിരെ അവബോധം സൃഷ്ടിയ്ക്കുവാനും അതിലൂടെ ലഹരി ഉപയോഗം കുറയ്ക്കുവാനും കഴിയുമെന്ന് കരുതുന്നു. |
| (ഇ) | സംസ്ഥാനത്തെ ബസ് സ്റ്റാന്റുകൾ, സ്കൂൾ - കോളേജ് പരിസരങ്ങൾ എന്നിവിടങ്ങളിലെ കടകളിൽ നിന്നും നൽകുന്ന പാനീയങ്ങളിൽ ലഹരി പദാർത്ഥങ്ങൾ ചേർക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കടകളിൽ അപ്രതീക്ഷിതമായ | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാലും ലഹരിയുടെ ഉപയോഗത്തിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനായി ബസ് സ്റ്റാന്റുകൾ, സ്കൂൾ-കോളേജ് പരിസരങ്ങൾ എന്നിവിടങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തുകയും, സ്കൂൾ, കോളേജ് പരിസരങ്ങളിലെ കടകളിൽ ഭക്ഷ്യസുരക്ഷ വകുപ്പ് പോലുള്ള മറ്റ് വകുപ്പുകളുമായി ചേർന്ന് അപ്രതീക്ഷിത പരിശോധനകൾ നടത്തുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| | ഇടവേളകളിൽ പരിശോധന നടത്തുവാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**